# IRSHADUL- A- EMMA

Run by Arafa Cultural & Charitable Trust (Reg.)

Nellikuzhi P.O., Kothamangalam, Ernakulam PH: 9495190895


## ജുമുഅ പ്രഭാഷണം ‘‘നിർണ്ണായകനിമിഷങ്ങൾ’’ (23/06/17)


അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648


وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا ۖ إِنَّكَ أَنتَ السَّمِيعُ الْعَلِيمُ* رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَا أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا ۖ إِنَّكَ أَنتَ التَّوَّابُ الرَّحِيمُ ﴿البقرة:١٢٧،١٢٨﴾

- റമളാൻ അവസാനിക്കുകയാണ്. ഇനി കുറഞ്ഞ മണിക്കൂറുകൾ മാത്രം. ഇന്നത്തെ ഖുത്ബയിൽ സലാം പറയുന്നത് ഈ വിടവാങ്ങലിന്റെ വിളംബരമാണ്.
- റമളാൻ അവസാനിക്കാൻ 24ഓ,48ഓ മണിക്കൂറുകൾ മാത്രം അവശേഷിക്കുന്നു. ഓരോ നിമിഷവും നമുക്ക് നിർണ്ണായകമാണ്. ഇലക്ഷന്റെ തലേന്നാൾ സ്ഥാനാർത്ഥിയും പ്രവർത്തകരും വിശ്രമമില്ലാതെ പ്രവർത്തിക്കും. ഉറപ്പില്ലാത്ത വോട്ടർമാരെ നേരിൽ കാണും. സ്വാധീനിക്കാൻ ശ്രമിക്കും. പല അട്ടിമറികളും നടക്കുന്ന സമയമാണത്. ശ്രദ്ധിച്ചില്ലെങ്കിൽ തോൽക്കും. അതുണ്ടാകാതിരിക്കാൻ അവസാന സമയം മരിച്ച് പണിയെടുക്കും.

ഒരു പരീക്ഷാർത്ഥിക്ക് പരീക്ഷാഹാളിലെ അവസാന നിമിഷം നിർണ്ണായകമാണ്. ഒത്തുനോക്കാൻ, തിരുത്താൻ, വിട്ടുപോയത് പൂർത്തിയാക്കാൻ ഉള്ള സമയം. പേപ്പർ കൈമാറിയാൽ പിന്നെ ഒന്നും നടക്കില്ല.

- ഇപ്രകാരം മനുഷ്യജീവിതത്തിന്റെ അവസാന നിമിഷങ്ങൾ ഗൗരവതരമാണ്. അവസാന നിമിഷങ്ങളിലെ അവസ്ഥ വിജയ, പരാജയങ്ങളെ നിശ്ചയിക്കും.

عَنْ سَهْلِ بْنِ سَعْدٍ قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ: .. وَإِنَّمَا الأَعْمَالُ بِالخَوَاتِيمِ (متفق عليه)

ഹദീസിന്റെ ആശയം ഇതാണ്: മോശമായി ജീവിച്ച ഒരാൾ അവസാനം തൗബ ചെയ്തെന്നയാൽ കെലിമയോടെ മരിക്കും. നന്നായി ജീവിച്ച ഒരാൾ അവസാനം മോശമായാൽ മരണം മോശമാകും. അതോടെ ആഖിറം നഷ്ടമാകും. അപ്പോൾ അവസാനഘട്ടം വളരെ നിർണ്ണായകമാണ്.

- അതുകൊണ്ടാണ് മഹാന്മാർ പോലും അന്ത്യത്തെക്കുറിച്ച് ആശങ്കപ്പെട്ടത്. സിദ്ധീഖ് (റ) വ്യാകുലചിത്തനാകുമായിരുന്നു.

جُـدْ بِلُطْفِـكَ يَا اِلٰهِي مَن لـه زادٌ قَلِيـلٌ ؛ مُفْلِسٌ بِالصِّدقِ يَأتِي عِنْدَ بَابِكَ يا جَلِيل

ذَنْبُـهُ ذَنْبٌ عَظِيمٌ فاغْفِرِ الذَنْبَ العَظِيـمَ ؛ إنَّهُ شَخصٌ غَرِيبٌ مُذْنِبٌ عَبْدٌ ذَلِيل

➢ ഇതേ വ്യാകുലതയാണ് റമളാൻ വിട പറയുമ്പോൾ നമ്മെ ഭരിക്കേണ്ടത്. റമളാൻ അനുകൂലമോ പ്രതികൂലമോ എന്നറിയില്ല. പാപങ്ങൾ പൊറുക്കപ്പെട്ടുവോ ഇല്ലേ എന്നും അറിയില്ല. പ്രതികൂലമായാൽ അത് വൻദുരന്തമാകും.

عَنْ أَنَس بْن مَالِكٍ يَقُولُ : ارْتَقَى النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَلَى الْمِنْبَرِ دَرَجَةً فَقَالَ : آمِينَ ، ثُمَّ ارْتَقَى الثَّانِيَةَ ، فَقَالَ : آمِينَ ، ثُمَّ ارْتَقَى الثَّالِثَةَ ، فَقَالَ : آمِينَ ، ثُمَّ اسْتَوَى فَجَلَسَ ، فَقَالَ أَصْحَابُهُ : عَلَى مَا أَمَّنْتَ ؟ قَالَ : أَتَانِي جِبْرِيلُ فَقَالَ : رَغِمَ أَنْفُ امْرِئٍ ذُكِرْتَ عِنْدَهُ فَلَمْ يُصَلِّ عَلَيْكَ ، فَقُلْتُ آمِينَ ، فَقَالَ : رَغِمَ أَنْفُ امْرِئٍ أَدْرَكَ أَبَوَيْهِ فَلَمْ يَدْخُلِ الْجَنَّةَ ، فَقُلْتُ : آمِينَ ، فَقَالَ : رَغِمَ أَنْفُ امْرِئٍ أَدْرَكَ رَمَضَانَ فَلَمْ يُغْفَرْ لَهُ ، فَقُلْتُ آمِينَ (ابن خزيمة ، ابن حبان)

➢ റമളാൻ അവസാനിക്കുമ്പോൾ നാം ദുആ ചെയ്യേണ്ടത് വീഴ്ചകൾ മാപ്പാക്കി ഖബൂൽ ചെയ്യപ്പെടാൻ വേണ്ടിയാണ്. കഅ്ബയുടെ പണി പൂർത്തിയാക്കിയ ഇബ്റാഹീം (അ) തന്റെ കർമ്മം സ്വീകരിക്കുവാനും വീഴ്ചകൾ മാപ്പാക്കുവാനുമാണ് ദുആ ചെയ്തത്.

وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا ۖ إِنَّكَ أَنتَ السَّمِيعُ الْعَلِيمُ* رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَا أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا ۖ إِنَّكَ أَنتَ التَّوَّابُ الرَّحِيمُ ﴿البقرة:١٢٧،١٢٨﴾

നാമും ഇപ്പോൾ ഈ ദുആയാണ് ചെയ്യേണ്ടത്

➢ റമളാൻ സ്വീകരിക്കപ്പെടാനുള്ള ഒരു മാർഗ്ഗമാണ് ഫിത്വർ സകാത്ത്.

كَتَبَ عمرُ بن عبد العزيز رحمه الله إِلَى الأَمْصَارِ يَأمرهم بختم شهر رمضان بالاستغفار والصدقة –صدقة الفطر– فإن صدقة الفطر طهرة للصائم من اللغو والرفث، والاستغفار يرفع ما حصل من الخروق في الصيام باللغو والرفث(لطائف المعارف)

(= ഉമർബ്നു അബ്ദിൽ അസീസ്(റ) റമളാന്റെ അവസാനം ഇസ്തിഗ്ഫാറും ഫിത്വർ സക്കാത്തും പൂർത്തിയാക്കുവാൻ കൽപ്പിക്കുമായിരുന്നു. കാരണം ഫിത്ർ സകാത്ത് നോമ്പുകാരന്റെ വീഴ്ചകളെ പരിഹരിക്കും. ഇസ്തിഗ്ഫാർ നോമ്പിന് ഭവിച്ച കീറലുകളെ തുന്നിച്ചേർക്കും)

➢ ഒപ്പം ഇന്നത്തെ 29-ാം രാവ് അതിനിർണ്ണായകമാണ്.

1) ലൈലത്തുൽഖദ്റിന് സാധ്യത.
2) പാപ, നരക മോചനങ്ങളുടെ വൻസാധ്യത.

عن عقبة بن عمرو قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا كَانَ آخِرُ يَوْمٍ مِنْ شَهْرِ رَمَضَانَ أَعْتَقَ اللَّهُ فِي ذَلِكَ الْيَوْمِ بِقَدْرِ مَا أَعْتَقَ مِنْ أَوَّلِ الشَّهْرِ إِلَى آخِرِهِ (ابن خزيمة)

➢ പെരുന്നാൾ പ്രഖ്യാപിച്ചാൽ തക്ബീറുകൾ ചൊല്ലണം. ഫിത്വർ സകാത്ത് വിതരണം ചെയ്യണം. നേരത്തെ പെരുന്നാളിന് എത്തിച്ചേരണം.